# ഓരോരോ കാലത്ത്

കാലം കേവലം ഒരു അകലം മാത്രമാണ്. വേദനയുടേയും അനീതിയുടേയും സ്ഥലം മാത്രമേ വ്യത്യാസപ്പെടുന്നുള്ളൂ. അതരങ്ങേറപ്പെടുന്ന അരങ്ങുകളും പശ്ചാത്തല സംവിധാനങ്ങളും മാത്രമേ വ്യത്യാസപ്പെടുന്നുള്ളൂ. സ്ത്രീ ശരീരവും വേദനയും മാത്രമായി തള്ളി മാറ്റപ്പെടുന്ന ചരിത്രരേഖകൾ താളിയോലകളിലായാലും കോടതിയിലെ ഒ. പി. നമ്പറുകൾ ആയാലും ഒന്നുതന്നെ. ഇതാണ് ശ്രീജയുടെ ഈ പുതു നാടകം പുതിയതും ശക്തവുമായ രീതിയിൽ ആവിഷ്കരിക്കുന്നത്.

കേരളത്തിലെ ചരിത്രത്തിൽ ഇന്നും വഴിപിഴച്ച സ്ത്രീത്വമായി രേഖപ്പെടുത്തിയ കുറിയേടത്തു താത്രിയുടെ യഥാർത്ഥ ജീവിത സാഹചര്യങ്ങൾ പഠിച്ചും വായിച്ചും വേദനയോടെ ഉൾക്കൊണ്ടുമാണ് ഈ നാടകം ശ്രീജ എഴുതിയത് എന്നു വ്യക്തം. സ്ത്രീയെ ശരീരം മാത്രമായി ചുരുക്കുകയും അതിനെ മണക്കുകയും കടിക്കുകയും ചവയ്ക്കുകയും തിന്നുകയും ചെയ്തിട്ട് ആ ശരീരത്തിന്റെ പരിശുദ്ധിയെവിടെ എന്നു ചോദിക്കുകയും വിചാരണ ചെയ്യുകയും ചെയ്യുന്ന പുരുഷനീതി/പുരുഷാധികാരം ഇന്നും അതുപോലെ തുടരുന്നു. പഴയൊരു കഥ പറയലും താത്രിക്കുട്ടിയെ കുറ്റവിമുക്തയാക്കലുമല്ല ഈ നാടകത്തിന്റെ ലക്ഷ്യം എന്ന് രണ്ടുകാലങ്ങളിലുള്ള രണ്ടു സന്ദർഭങ്ങളെ കോർത്തിണക്കി ആവിഷ്കരിച്ച് നാടകം വ്യക്തമാക്കുന്നു. 'പ്രസിദ്ധമായ' ഇന്നത്തെ സ്ത്രീ പീഡനകേസുകളും സ്വാർത്ഥവിചാരത്തേയും അരങ്ങിൽ ഒരേ സമയത്ത് സമാന്തരമായി വ്യന്യസിച്ച് 'കാലം കേവലം ഒരകലം' മാത്രമാണെന്ന് നാടകം വെളിവാക്കുന്നു. കാലങ്ങളെ പരസ്പരം കോർത്തുകയറ്റുകയും ലയിപ്പിക്കുകയും ചെയ്യുന്നതിൽ ഈ നാടശില്പികൾ കാണിച്ച എല്ലാ വൈദഗ്ദ്യവും ഒരു നല്ല നാടകാനുഭവമാണ്.



സുന്ദരിയായ കലാകാരിയായ താത്രിക്കുട്ടി എന്ന ദരിദ്രയായ പെൺകുട്ടി എങ്ങനെ പുരുഷൻമാരുടെ 'സ്ത്രീസുഖം' ആസ്വദിക്കുന്നതിനുള്ള തൃഷ്ണക്കിരയായി എന്നും അതേ സമൂഹം അവളെ കാമവിചാരിണിയും കാമഭ്രാന്തിയുമായി വിധിക്കുന്നതും ഹൃദയഭേദകമായി ഇതിൽ അടയാളപ്പെടുത്തുന്നു.

## നാടകക്കാഴ്ച

വി.എം. ഗിരിജ

സ്വന്തം അച്ഛൻ, ഗുരുനാഥൻ........അങ്ങിനെ ഓരോരുത്തരും ........മൂല്യങ്ങളൊന്നുമില്ലേയെന്നു പേടിച്ചരണ്ട് നാം നിന്നുപോകുന്നു. നമ്മുടെ പെൺമക്കളെ എല്ലാവരെയും അവിശ്വസിക്കാനും വെറുക്കാനും അകറ്റാനും പറഞ്ഞുകൊടുക്കേണ്ടിവരുന്ന ഒരു ദുർഗതി അമ്മമാർക്ക് ഇനിയും വന്നുപെടുമോ?

ആധുനികകാലത്തും സ്ഥിതി വ്യത്യാസമില്ലായെന്ന് സമാന്തരമായി വ്യന്യസിച്ച മറ്റൊരു പ്രണയ/ദുരന്ത കഥയിലൂടെ പറയുന്നു. വാൻഗോഗിന്റെ ഹൃദ്യവും ആർദ്രവുമായ കാല്പനികമായ പ്രണയ സങ്കല്പത്തിൽ നിന്ന്, സ്ത്രീ പീഡനക്കേസ് ഇന്ന് സമൂഹം കാണുന്ന രീതിയിലേക്ക് ഈ കഥ വികസിപ്പിച്ചെടുത്തിരിക്കുന്നു. ഈ രണ്ടു ധാരകളും കൂടിയാണ് ഈ നാടകത്തെ പുരുഷാധിപത്യമൂല്യങ്ങളെ തുറന്നുകാട്ടുന്ന ശക്തമായ ഒരു നാടകമാക്കുന്നത്.

ഈ നാടകത്തിന്റെ ഘടനയിൽ പല പാളിച്ചകളും ഉണ്ടായിരിക്കാം. അമേച്ചർ നാടകസംഘം ഇപ്പോഴും ഓരോ പടിയിലും അനുഭവിക്കുന്ന 'ഇല്ലായ്മ' കളെക്കുറിച്ച് അറിയുന്നവർക്ക് അതൊന്നും വലിയ കാര്യമല്ല. ഉള്ളിലേക്ക് കടക്കാനുള്ള ശക്തി ഈ നാടകത്തിനുണ്ട്.

കേരളത്തിലെ എല്ലാ ആണുങ്ങളും പെണ്ണുങ്ങളും ഈ നാടകം കാണേണ്ടതാണ് എന്നാണ് എനിക്ക് പറയാനുള്ളത്.